**കേരള സർക്കാർ**
**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കുടുംബശ്രീ - നിയമസഭാനിയോജക മണ്ഡലാടിസ്ഥാനത്തിൽ "കുടുംബശ്രീ വിലയിരുത്തൽ സമിതി - മോണിറ്ററിംഗ് & കോ-ഓർഡിനേഷൻ കമ്മിറ്റി" രൂപീകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്

സ.ഉ.(സാധാ)നം 3264/2012/തസ്വഭവ. തിരുവനന്തപുരം, തീയതി, 29/11/2012.

---

പരാമർശം: - 1. 08/08/08 ലെ സ.ഉ. (പി) നമ്പർ 222/08/തസ്വഭവ
2. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 12/10/2012-ലെ കെ.എസ്./എം./4053/2012 നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശം-1 പ്രകാരമുള്ള കുടുംബശ്രീ സി.ഡി.എസ് ബൈലോ അനുച്ഛേദം 16-4 പ്രകാരം കേരളത്തിലെ ഗ്രാമ പഞ്ചായത്ത് / നഗരസഭാ പ്രദേശങ്ങളിലെ കുടുംബശ്രീ പ്രവർത്തനങ്ങൾ വിലയിരുത്തി മാർഗ്ഗ നിർദ്ദേശങ്ങൾ നൽകേണ്ട ചുമതല തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ തലത്തിൽ രൂപീകരിക്കപ്പെട്ടിട്ടുള്ള കുടുംബശ്രീ വിലയിരുത്തൽ സമിതികൾക്കാണ്. കൂടാതെ കുടുംബശ്രീ സിഡിഎസ് ആക്ഷൻ പ്ലാനിലൂടെ മുന്നോട്ടു വയ്ക്കുന്ന ആവശ്യങ്ങൾ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെയും വിവിധ വികസന വകുപ്പുകളുടെയും പദ്ധതികളും സ്കീമുകളുമായി ബന്ധപ്പെടുത്തി നടപ്പിലാക്കുന്നതിനുള്ള നേതൃത്വപരമായ ചുമതലയും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കും വിലയിരുത്തൽ സമിതികൾക്കുമാണ്. ദാരിദ്ര്യ നിർമ്മാർജ്ജനത്തിന്റെ ഭാഗമായി സിഡിഎസ് ആക്ഷൻ പ്ലാനിലൂടെ ഉന്നയിക്കപ്പെടുന്ന വികസന ആവശ്യങ്ങൾ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെയും കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെയും വികസന പദ്ധതികളും സ്കീമുകളുമായി സംയോജിപ്പിച്ചാണ് പരിഹരിക്കപ്പെടേണ്ടത്. ഈ പ്രവർത്തനം ഫലപ്രദമായി നിർവ്വഹിക്കുന്നതിന് നിയമസഭാ സാമാജികരുടെ നേതൃത്വവും പങ്കാളിത്തവും മാർഗ്ഗ നിർദ്ദേശവും അനിവാര്യമാണ്.

മേൽ സാഹചര്യത്തിൽ കുടുംബശ്രീ വിലയിരുത്തൽ സമിതികളുടെ പ്രവർത്തനം മോണിറ്റർ ചെയ്യുന്നതിനും വിവിധ വികസന വകുപ്പുകളുടെയും ഏജൻസികളുടെയും സ്കീമുകളുമായുള്ള പ്രവർത്തനം ഏകോപിപ്പിക്കുന്നതിനുമായി നിയമസഭാ നിയോജക മണ്ഡല അടിസ്ഥാനത്തിൽ "കുടുംബശ്രീ വിലയിരുത്തൽ സമിതി - മോണിറ്ററിംഗ് & കോ-ഓർഡിനേഷൻ കമ്മിറ്റി" ബന്ധപ്പെട്ട എം.എൽ.എയുടെ അദ്ധ്യക്ഷതയിൽ രൂപീകരിച്ച് ഇതിനാൽ ഉത്തരവാകുന്നു.

കമ്മിറ്റിയുടെ ഘടന, ചുമതലകൾ പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ ഇതോടൊപ്പം അനുബന്ധമായി ചേർത്തിരിക്കുന്നു. കമ്മിറ്റിയുടെ നടത്തിപ്പിലേക്ക് ആവശ്യമായ സ്റ്റേഷനറി, പ്രിന്റ്, തപാൽ, റിഫ്രഷ്മെന്റ് എന്നിവയ്ക്കുള്ള തുക ജില്ലാമിഷനിൽ ലഭ്യമായ സംഘടനാ ശാക്തീകരണ ഫണ്ടിൽ നിന്നും ചെലവാക്കേണ്ടതാണ്. ഈ

മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ എല്ലാ നിയമസഭാനിയോജക മണ്ഡലങ്ങളിലും ''കുടുംബശ്രീ സി.ഡി.എസ് വിലയിരുത്തൽ സമിതി - മോണിറ്ററിംഗ് & കോ-ഓർഡിനേഷൻ കമ്മിറ്റി'' രൂപീകരിക്കുന്നതിനുവേണ്ട നടപടികൾ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം.
റ്റി. ജെ. മാത്യു
സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, പാങ്ങപ്പാറ, തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

## I "കുടുംബശ്രീ വിലയിരുത്തൽ സമിതി – മോണിറ്ററിംഗ് & കോ-ഓർഡിനേഷൻ കമ്മിറ്റി" യുടെ ഘടന:

എം.എൽ.എ അദ്ധ്യക്ഷനായുള്ള ഈ സമിതിയുടെ കൺവീനർ ജില്ലാ മിഷൻ നിയോഗിക്കുന്ന ഒരു അസിസ്റ്റന്റ് ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ ആയിരിക്കും. താഴെപറയുന്നവർ അംഗങ്ങളായിരിക്കും.

1) നിയമസഭാ നിയോജക മണ്ഡല പരിധിയിലുള്ള എല്ലാ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർ/ മുൻസിപ്പൽ ചെയർപേഴ്സൺ/ മേയർ
2) ഓരോ തദ്ദേശ സ്വയം ഭരണ സമിതിയിൽ നിന്നും ഓരോ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാർ.
3) ഓരോ തദ്ദേശ സ്വയം ഭരണ പ്രദേശത്തു നിന്നുമുള്ള സിഡിഎസ് ചെയർപേഴ്സൺമാർ.
4) ഓരോ സിഡിഎസ്സിൽ നിന്നും ഓരോ സബ് കമ്മിറ്റി കൺവീനർമാർ
5) ഓരോ സിഡിഎസ്സിൽ നിന്നും സിഡിഎസ് മെമ്പർ സെക്രട്ടറിമാർ

## II പ്രവർത്തനങ്ങളും ചുമതലകളും

1. കുടുംബശ്രീ വിലയിരുത്തൽ സമിതികളുടെ ഏകോപനം സാധ്യമാക്കി പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കൽ.
2. ദാരിദ്ര്യ ലഘൂകരണ – നിർമ്മാർജ്ജന പദ്ധതികളുടെയും സ്കീമുകളുടെയും പ്രവർത്തന വേഗതയും കാര്യക്ഷമതയും സുതാര്യതയും ഉറപ്പാക്കൽ.
3. സിഡിഎസ് വാർഷിക ആക്ഷൻ പ്ലാൻ സമയബന്ധിതമായി തയ്യാറാക്കുന്നുവെന്ന് ഉറപ്പാക്കൽ.
4. സിഡിഎസ് വാർഷിക കർമ്മ പദ്ധതികൾ നിയസഭാ നിയോജക മണ്ഡല അടിസ്ഥാനത്തിൽ സമന്വയിപ്പിച്ച് നിർവ്വഹണ കലണ്ടർ തയ്യാറാക്കുകയും അവയുടെ മേൽനോട്ട മോണിറ്ററിംഗ് സൗകര്യങ്ങൾ ഉറപ്പാക്കി മെച്ചപ്പെട്ട പെർഫോമൻസ് നിലവാരം നേടുക.
5. കുടുംബശ്രീ സംവിധാനത്തിലൂടെ സംയോജിപ്പിച്ച് നടപ്പിലാക്കുന്ന കേന്ദ്ര-സംസ്ഥാന ആവിഷ്കൃത പദ്ധതികളുടെ നിമയസഭാ നിയോജക മണ്ഡല അടിസ്ഥാനത്തിലുള്ള പ്രവർത്തന പുരോഗതിയും ഫലപ്രാപ്തിയും വിലയിരുത്തുക.
6. സിഡിഎസ് ആക്ഷൻ പ്ലാനിലൂടെ ക്രോഡീകരിക്കപ്പെടുന്ന ഉപജീവന അതിജീവന ആവശ്യങ്ങൾ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സാധ്യമായ എല്ലാ വികസന പരിപാടികളുമായി സംയോജിപ്പിച്ച് ധന

ലഭ്യത ഉറപ്പാക്കൽ. ഇപ്രകാരം സംയോജന സാധ്യതകൾ പ്രയോജനപ്പെടുത്തിയെന്ന് ഉറപ്പാക്കുക.

7. ആശ്രയ, ബഡ്സ് എന്നീ സാമൂഹ്യ സുരക്ഷാ പരിപാടികളുടെ സമയബന്ധിത നിർവ്വഹണവും സേവന ഗുണപരതയും വിലയിരുത്തുക.
8. പാർശ്വവൽക്കരിക്കപ്പെട്ടവരുടെയും ഇനിയും കുടുംബശ്രീ അയൽക്കൂട്ടത്തിൽ അംഗമാകാത്ത ദരിദ്ര കുടുംബങ്ങളുടെയും അയൽക്കൂട്ട പ്രവേശനം ഉറപ്പാക്കുന്നതിനുവേണ്ടി നടക്കുന്ന പ്രവർത്തന പുരോഗതി വിലയിരുത്തുക.
9. കുറഞ്ഞത് മൂന്നു മാസത്തിലൊരിക്കലെങ്കിലും സമിതി ചേർന്ന് പ്രവർത്തനങ്ങളുടെ വിലയിരുത്തലും മോണിറ്ററിംഗും നടത്തേണ്ട താണ്.

## III കമ്മിറ്റി നടത്തിപ്പുമായി ബന്ധപ്പെട്ട തയ്യാറെടുപ്പുകൾ

1. കമ്മിറ്റി യോഗം കൂടുന്നതിനുള്ള തീയതി, സമയം, സ്ഥലം, അജണ്ട എന്നിവ ചെയർമാനുമായി കൂടിയാലോചിച്ച് തയ്യാറാക്കേണ്ട ചുമതല കൺവീനർക്കായിരിക്കും.
2. 7 ദിവസം മുമ്പെങ്കിലും കമ്മിറ്റിയുടെ അറിയിപ്പ് കൺവീനർ അംഗങ്ങൾക്ക് രേഖാ മൂലം നൽകേണ്ടതാണ്.
3. സിഡിഎസ് തിരിച്ചുള്ള പ്രവർത്തന പുരോഗതി റിപ്പോർട്ട് തയ്യാറാക്കി കമ്മിറ്റിയിൽ അവതരിപ്പിക്കേണ്ട ചുമതല കൺവീനർക്കാണ്. പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് ഒരു ദിവസം മുമ്പെങ്കിലും ചെയർമാന് കൺവീനർ നൽകിയിരിക്കേണ്ടതാണ്.

## IV കമ്മിറ്റി നടത്തിപ്പ്

1) സിഡിഎസ്. തിരിച്ചുള്ള പ്രവർത്തന പുരോഗതി റിപ്പോർട്ട് അവതരിപ്പിക്കൽ - കൺവീനർ.
2) അതാത് വിലയിരുത്തൽ സമിതിയ്ക്കുവേണ്ടി പ്രസിഡന്റ്/ നഗരസഭാ ചെയർമാൻ/ മേയർ വിലയിരുത്തൽ സമിതി പ്രവർത്തനങ്ങളെക്കുറിച്ച് റിപ്പോർട്ട് അവതരിപ്പിക്കേണ്ടതാണ്.
3) സിഡിഎസ് തിരിച്ച് പ്രവർത്തന അവലോകന ചർച്ച.
4) പ്രവർത്തന അവലോകനത്തിന്റെ അടിസ്ഥാനത്തിൽ തുടർ പ്രവർത്തനങ്ങൾ നിശ്ചയിക്കൽ - മൂന്നു മാസത്തിനുള്ളിൽ കൈവരിക്കേണ്ട ഭൗതിക സാമ്പത്തിക നേട്ടങ്ങളുടെ പട്ടിക തയ്യാറാക്കൽ.

5) ആശ്രയ, ബഡ്സ് എന്നിവയുടെ നടത്തിപ്പ് പ്രത്യേകമായി വിലയിരുത്തേണ്ടതാണ്.

## V തുടർ നടപടികൾ

1) യോഗം നടന്നുകഴിഞ്ഞാൽ മിനിട്ട്സ് രണ്ടു ദിവസത്തിനുള്ളിൽ തയ്യാറാക്കി ചെയർമാന്റെ അംഗീകാരത്തോടെ അംഗങ്ങൾക്ക് കൺവീനർ എത്തിക്കേണ്ടതാണ്.
2) റിവ്യൂ യോഗത്തിൽ ജില്ലാ മിഷന്റെ ഭാഗത്തു നിന്നും ലഭ്യമാക്കേണ്ട പിന്തുണ – സഹായങ്ങളിന്മേൽ അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.
3) ജില്ലാ തലത്തിലുള്ള മറ്റു വികസന വകുപ്പുകൾ/ഏജൻസികളുടെ ഇടപെടൽ ആവശ്യമുള്ള പ്രശ്നങ്ങൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥനെ യഥാസമയം രേഖാമൂലം അറിയിക്കുകയും പ്രവർത്തന പുരോഗതി അന്വേഷിക്കേണ്ടതുമാണ്.
4) കുടുംബശ്രീ സംസ്ഥാന മിഷന്റേയോ മറ്റു ഏതെങ്കിലും വികസന വകുപ്പുകൾ/ ഏജൻസികൾ എന്നിവയുടേയോ ഇടപെടലോ സഹായമോ ആവശ്യമുള്ള പ്രവർത്തനങ്ങൾ സംസ്ഥാന മിഷൻ മുഖേന തുടർ നടപടിക്കായി സമർപ്പിക്കേണ്ടതാണ്.

സെക്ഷൻ ഓഫീസർ